# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 – 26

# LMS LPS VIRALY



# അക്കാദമിക് മാസ്റ്റർ പ്ലാൻ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | **LMSLPS VIRALY** |
| സബ്ജില്ല | : | **Parassala** |
| വിദ്യാഭ്യാസ ജില്ല | : | **Neyyattinkara** |
| റവന്യൂ ജില്ല | : | **Thiruvananthapuram** |
| അധ്യാപകരുടെ എണ്ണം | : | **4** |
| പഞ്ചായത്തിന്റെ പേര് | : | **Kulathoor** |
| **C R C** | : | **H W S Devarpuram.** |

# ഉള്ളടക്കം


- ആമുഖം
- കാഴ്ചപ്പാട്


## പ്രവർത്തനങ്ങൾ



| ക്ലാസ്സ് | | പേജ് നം. | |
|---|---|---|---|
| Std I - | 1 | - | 6 |
| Std II - | 7 | - | 13 |
| Std III- | 14 | - | 25 |
| Std IV- | 26 | - | 40 |

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025 – 2026

## ആമുഖം

2025 – 2026 അധ്യയനവർഷത്തിൽ നമ്മുടെ വിദ്യാലയത്തിലെ എല്ലാ കുട്ടിക ളേയും 'വായിച്ചുവളരുക, ചിന്തിച്ച് വിവേകം നേടുക' എന്ന മഹത് വചനത്തിനുവേണ്ടി വിദ്യാർഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേയ്ക്ക് നയിക്കാൻ വിദ്യാലയത്തിലെ മുഴുവൻ വിദ്യാർഥികളെയും മികച്ച വായനക്കാരനും എഴുത്തുകാരനു മാക്കുക എന്ന ലക്ഷ്യം നേടുന്നതിനായി പിന്നോക്കം നിൽക്കുന്നവരെകൂടി വായനയും എഴുത്തും ഒരു അനുഭവമാക്കി വിദ്യാലയത്തെ ഒരു സർഗ്ഗപ്രപഞ്ചമാക്കി മാറ്റാനുള്ള ഒരു സംരംഭമാണ് നാം എറ്റെടുത്തിരിക്കുന്നത്. ഇതിൽ രക്ഷാകർത്താക്കളുടെ പിന്തുണയും ഉറപ്പാക്കി പദ്ധതികള രൂപകല്പന ചെയ്തിരിക്കുന്നു.

## കാഴ്ചപ്പാട്

പൊതുവിദ്യാലയം സമ്പൂർണ സാമൂഹിക പങ്കാളിത്തത്തോടു കൂടി ഗുണമേൻമ യുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും അതിന്റെ പൂർണ രൂപത്തിൽ ലഭ്യമാക്കുക.

- L S S പരീക്ഷയിൽ ഉന്നതവിജയം
- ചതുഷ്ക്രിയകൾ സ്വായത്തമാക്കൽ
- G K പഠനം
- അധ്യാപകരും രക്ഷാകർത്താക്കളുമായി നിരന്തര ബന്ധം
- Computer പഠനം
- Current Affairs പരിജ്ഞാനം
- പിന്നോക്കക്കാരെ മെച്ചപ്പെടുത്താൻ പ്രത്യേക ക്ലാസുകൾ
- English പഠിക്കാൻ Spoken English ക്ലാസുകൾ
- അച്ചടക്കം, കൃതനിഷ്ഠ, പഠന പിൻതുണ നൽകൽ എന്നിവ അധ്യയനത്തിന്റെ പ്രത്യേകതകൾ.

# ക്ലാസ് – I

# പ്രവർത്തനത്തിന്റെ പേര് : താളം കണ്ടെത്തൽ

## ലക്ഷ്യങ്ങൾ

എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും പ്രാപ്തരാക്കുക. കവിതകൾ താളാത്മകമായി അവതരിപ്പിക്കുക.

## പഠനനേട്ടം

താളാത്മകമായി ചെറു കവിതകൾ ചൊല്ലാൻ സാധിക്കുന്നു. കുട്ടി കവിതകൾ വായിച്ച് ആസ്വദിക്കുന്നു.

## പ്രവർത്തനം

ടീച്ചർ കുട്ടിക്കവിതകൾ ക്ലാസിൽ അവതരിപ്പിക്കുന്നു. കുട്ടികൾ ചേർന്ന് പാടുന്നു. കുട്ടികൾ അവർക്ക് അറിയാവുന്ന കവിതകൾ താളാത്മകമായി അവതരിപ്പിക്കുന്നു.

**കാലയളവ്** : **June to March**

**ചുമതല** : **Teacher, Students, Parents**

# പ്രവർത്തനത്തിന്റെ പേര് : പാട്ടരങ്ങ്

## ലക്ഷ്യങ്ങൾ

- സമാനകവിതകൾ കണ്ടെത്തുന്നു.
- ഈണം കണ്ടെത്തുന്നു.
- താളബോധം ഉണ്ടാവുന്നു.

## പഠനനേട്ടങ്ങൾ

- ഈണവും താളബോധവും കണ്ടെത്താൻ സാധിക്കുന്നു.
- കുട്ടി കവിതകൾ വായിച്ചാസ്വദിക്കുന്നു.

## പ്രവർത്തന ഘട്ടം

പാഠഭാഗത്തെ കവിതകൾക്ക് ഈണവും താളവും നൽകി അവതരിപ്പിക്കുന്നു. തുടർന്ന് ഒരേ അക്ഷരം വരുന്ന വാക്കുകൾ കണ്ടെത്തുന്നു.

**കാലയളവ്** : **June to March**

**ചുമതല** : **Teacher, Students**

# പ്രവർത്തനത്തിന്റെ പേര് : ഡയറി തയ്യാറാക്കാം

## ലക്ഷ്യങ്ങൾ

മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങൾ എഴുതി പ്രകടിപ്പിക്കുന്നതിന് സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.

## പഠനനേട്ടം

ലഘുവാക്യങ്ങൾ എഴുതുന്നു. സ്വതന്ത്രരചന പരിപോഷിപ്പിക്കുന്നു.

## പ്രവർത്തനങ്ങൾ

ഡയറി എഴുതുന്നതിന്റെ ഭാഗമായി ടീച്ചറും കുട്ടികളും ചർച്ച നടത്തുന്നു. വാക്കുകൾ എഴുതിയ കാർഡ് ടീച്ചർ കുട്ടികൾക്ക് നൽകുന്നു. ടീച്ചറിന്റെ സഹായത്താൽ കുട്ടികൾ സംയുക്ത ഡയറി എഴുതുന്നു.

**കാലയളവ്** : **June to March**

**ചുമതല** : **Teacher, Parents**

# പ്രവർത്തനത്തിന്റെ പേര് : ഗണിതകിറ്റ്

## ലക്ഷ്യങ്ങൾ

- കളിയും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ
- ഗണിതചിന്ത വളർത്തൽ
- ഒരക്കസംഖ്യ, രണ്ടക്കസംഖ്യ ഇവ മനസിലാക്കുക.

## പഠനനേട്ടം

- നിർമാണ പ്രവർത്തനങ്ങൾ സ്വയം ഏറ്റെടുക്കുന്നു.
- ശേഖരണ മനോഭാവം വളരുന്നു
- ചതുഷ്ക്രിയകൾ മനസിലാക്കുന്നു.
- യുക്തിചിന്ത വളരുന്നു.

## പ്രവർത്തനങ്ങൾ

ഡയസ്, ഈർക്കിൽക്കെട്ടുകൾ, മഞ്ചാടി ഇവ ശേഖരിച്ച് ഗണിത കിറ്റിൽ വയ്ക്കുന്നു. സങ്കലന ക്രിയകൾക്ക് ഇത് ഉപയോഗിക്കുന്നു. 10 വരെയുള്ള സംഖ്യകളെ മനഃ കണക്കിൽ കുറച്ച് പറയുന്നു. പഠനസാമഗ്രികൾ നൽകി സംഖ്യമാല തയാറാക്കുന്നു.

- സംഖ്യകളെ അരോഹണക്ക അവരോഹണ ക്രമത്തിലെഴുതുന്നു
- സംഖ്യാ വ്യാഖ്യാനം, സങ്കലനം, വ്യവകലനം ഈ പ്രവർത്തനങ്ങൾ നൽകുന്നു.
- ചെറിയ സംഖ്യ, വലിയസംഖ്യ എന്നിവ മനസിലാക്കുന്നു.

**കാലയളവ്** : **June to March**

**ചുമതല** : **Teacher, Students, Parents**

# Name of Activity : Check the Voccabulary

## Aim

To Speak, Read and Write English

## Skills

To identify the naming words from the picture.

## Process of activity

Description about the action words and picture. Teacher shows the picture cards and wanted to make simple sentences about the picture. Teacher give riddles. Then pupil write the riddle on their note books

**Responsibility** : **Teacher, students**

**Time** : **June to March**

# ക്ലാസ് – II

# പ്രവർത്തനത്തിന്റെ പേര് : ഭാഷോത്സവം

## ലക്ഷ്യങ്ങൾ

- കുട്ടികളെ സ്വതന്ത്രവായനക്കാരും എഴുത്തുകാരും ആകുക.
- കഴിവുകൾ പൊതുജനങ്ങൾക്ക് മുമ്പിൽ പ്രകടമാക്കുക.

## പഠനട്ടേങ്ങൾ

- സ്വതന്ത്രമായി വായിക്കുന്നു.
- സ്വതന്ത്ര രചനയ്ക്ക് സാധ്യത ഒരുക്കുന്നു.
- കുട്ടികളുടെ സർഗശേഷി അവതരിപ്പിക്കുന്നു

## പ്രവർത്തനഘട്ടം

ഭാഷോത്സവത്തിന്റെ ഭാഗമായി അവതരിപ്പിക്കേണ്ട ഭാഗങ്ങൾ ടീച്ചറും കുട്ടികളുമായി ചർച്ചചെയ്ത് എഴുതുന്നു. ഗ്രൂപ്പുകളാക്കി അവ അവതരിപ്പിക്കുന്നു.

കാലയളവ് : **June to March**

ചുമതല : **Teacher, Students, Parents**

# പ്രവർത്തനത്തിന്റെ പേര് : പാട്ടരങ്ങ്

## ലക്ഷ്യങ്ങൾ

- കുട്ടിയിൽ താളബോധം രൂപപ്പെടുത്തുക
- വായന, ലേഖനം ഇവ എളുപ്പമാക്കുക.
- കവിതാസ്വാദനം  സാധ്യമാക്കുക
- സമാനകവിതകൾ കണ്ടെത്തുക

## പഠനനേട്ടങ്ങൾ

- താളബോധം ഈണം കണ്ടെത്തൽ ഇവയ്ക്ക് സാധിക്കുന്നു.
- കുട്ടിക്കവിതകൾ വായങ്ങാസ്വദിക്കുന്നു.
- പുതിയ വരികൾ കണ്ടെത്തുന്നു.

## പ്രവർത്തനഘട്ടം

പാഠഭാഗത്തുള്ളതും മറ്റ് സമാന കവിതകളും ഈണം നൽകി അധ്യാപികയും കുട്ടികളുമായി ഭാവാത്മകമായി അവതരിപ്പിക്കുന്നു.  തുടർന്ന് കുട്ടികൾ വരികൾ കണ്ടെത്താൻ അധ്യാപിക ചില വരികൾ നൽകുന്നു.  കുട്ടികൾ കൂട്ടിച്ചേർക്കുന്നു.

കാലയളവ് : June to March

ചുമതല : Teacher, Students, Parents

# പ്രവർത്തനത്തിന്റെ പേര് : രചനോത്സവം

## ലക്ഷ്യങ്ങൾ

- ലേഖന പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കുക

## പഠനനേട്ടങ്ങൾ

- എല്ലാ കുട്ടികളും രചനാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- കഥ, കവിത, ഡയറി തുടങ്ങിയ വ്യവഹാര രൂപങ്ങൾ സ്വയം എഴുതുന്നു.

## പ്രവർത്തനഘട്ടങ്ങൾ

ടീച്ചർ ചിത്രകാർഡുകളും ലഘു വാക്യങ്ങളും എഴുതിയ കാർഡുകൾ കുട്ടീകൾക്ക് നൽകി ഒരു സജീവ ചർച്ച നടത്തുന്നു. കുഞ്ഞുങ്ങളെ ഗ്രൂപ്പുകളാക്കി അത് എഴുതുന്നതിന് ആവശ്യപ്പെടുന്നു. ഗ്രൂപ്പിൽ മെച്ചപ്പെടുത്തി അവതരിപ്പിക്കുന്നു. കുട്ടികൾ എഴുതിയതിനെ പതിപ്പാക്കുന്നു.

**കാലയളവ്** : **June to March**

**ചുമതല** : **Teacher, Students, Parents**

# ഗണിതം

## പ്രവർത്തനത്തിന്റെ പേര് : രൂപങ്ങൾ നിർമ്മിക്കാം

### ലക്ഷ്യങ്ങൾ

- ചുറ്റുമുള്ള വസ്തുക്കൾ നിരീക്ഷിച്ച് വിവിധ രൂപങ്ങൾ തിരിച്ചറിയുന്നു.
- വിവിധ രൂപങ്ങൾ ചേർത്ത് പുതിയ ചിത്രങ്ങൾ രൂപീകരിക്കുന്നു.

### പഠനനേട്ടങ്ങൾ

- രൂപങ്ങൾ തിരിച്ചറിയുന്നു.
- രൂപങ്ങൾ ചേർത്ത് പുതിയ ചിത്രങ്ങൾ രൂപീകരിക്കുന്നതിന് പ്രാപ്തിനേടുന്നു.

### പ്രവർത്തനഘട്ടം

അടിസ്ഥാന രൂപങ്ങളായ ത്രികോണം, ചതുരം, വൃത്തം എന്നിവ ഉപയോഗിച്ച്, വീട്, കാർ, പൂക്കൾ തുടങ്ങിയ ചിത്രങ്ങൾ ഉണ്ടാക്കുന്നു.

**കാലയളവ്** : **June to March**

**ചുമതല** : **Teacher, Students, Parents**

## പ്രവർത്തനത്തിന്റെ പേര് : നല്ലനാടിനായ് നല്ലനാളേക്കായ്

### ലക്ഷ്യങ്ങൾ

നിത്യജീവിതവുമായി ബന്ധപ്പെട്ട് 200 വരെയുള്ള സംഖ്യകൾ ഉൾപ്പെട്ട ആശയങ്ങൾ വിശകലനം ചെയ്യുന്നു.

### പഠനനേട്ടങ്ങൾ

- 1 മുതൽ 200 വരെയുള്ള സംഖ്യകൾ എണ്ണാനും എഴുതാനും പരിശീലിക്കുന്നു.
- സംഖ്യാശ്രേണി പൂർത്തിയാക്കുന്നു.
- ചെറിയ സംഖ്യകൾ കൂട്ടാനും കുറയ്ക്കാനും പരിശീലിക്കുന്നു.

### പഠനപ്രവർത്തനങ്ങൾ

നമ്പർ ചാർട്ട് ടീച്ചർ പ്രദർശിപ്പിക്കുന്നു. അതിലെ സംഖ്യകൾ കുട്ടികൾ വായിക്കുന്നു. കുട്ടിക്ക് ഇഷ്ടമുള്ള രണ്ട് സംഖ്യകൾ അധ്യാപികയുടെ നിർദ്ദേശാനുസരണം കൂട്ടുകയും കുറയ്ക്കുകയും ചെയ്യുന്നു. ഇത് ആവർത്തിച്ച് ക്രിയകൾ ചെയ്യുന്നു.

**കാലയളവ്** : **June to March**

**ചുമതല** : **Teacher, Students, Parents**

# പ്രവർത്തനത്തിന്റെ പേര് : സമ്മാനപ്പൊതി

## ലക്ഷ്യങ്ങൾ

- നിത്യജീവിതവുമായി ബന്ധപ്പെട്ട ലഘുവായ പ്രയോഗിക പ്രശ്നങ്ങളിൽ ഏർപ്പെടുന്നതിന്
- നോട്ടുകളുടേയും നാണയങ്ങളുടേയും ആവശ്യകത ബോധ്യപ്പെടുന്നതിന്

## പഠനനേട്ടങ്ങൾ

- പ്രയോഗിക പ്രശ്നങ്ങൾ മനസിലാക്കുന്നു.
- നോട്ടുകളും നാണയങ്ങളും – വിനിമയരീതി എങ്ങനെയെന്ന് ബോധ്യമാക്കുന്നു.

## പ്രവർത്തനങ്ങൾ

കടയിൽ സാധനങ്ങൾ വാങ്ങാൻ പോകുന്നതും വിൽക്കുന്നതും ബാക്കിവാങ്ങുന്നതുമായ കാര്യങ്ങൾ അഭിനയിക്കാൻ വേണ്ട സാഹചര്യം ഒരുക്കുന്നു. കളിനോട്ടുകൾ ഉപയോഗിച്ച് ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ നൽകുന്നു.

**കാലയളവ്** : **June to March**

**ചുമതല** : **Teacher, Students, Parents**

# English

## Activity : Story Telling

### Learning Objects

- Describe events and objects orally
- Using action words and verbs
- Read and Comprehend simple stories
- Read simple stories
- Describe the events

### Steps of Activity

Teacher narrates stories and simple Conversations. Ensures to introduced sentences using is, are, am through examples. Then introduces common conversation words Hai, Hello, Thank You, Sorry,……….

| | | |
|---|---|---|
| **Responsibility** | : | **Teacher, Students, Parents** |
| **Time** | : | **June to March** |

# ക്ലാസ് – III

## പ്രവർത്തനത്തിന്റെ പേര് : ഭാവനാത്മകമായി പാഠഭാഗം അവതരിപ്പിക്കൽ

## ലക്ഷ്യങ്ങൾ

എല്ലാകുട്ടികളെയും അർഥപൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക

## പഠനനേട്ടങ്ങൾ

- ആശയ ഗ്രഹണത്തിലൂടെ വായിക്കുന്നു.
- പാഠഭാഗം തെറ്റില്ലാതെ വായിക്കുകയും എഴുതുകയും ചെയ്യുന്നു.
- ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നു.

## പ്രവർത്തനങ്ങൾ

പദങ്ങളും ചിത്രങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് പാഠഭാഗം അധ്യാപിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. പാഠഭാഗം വായിച്ച് ആശയം ഗ്രഹിക്കുന്നു. തുടർന്ന് ടീച്ചർ ചെറു ചോദ്യങ്ങൾ ചോദിക്കുന്നു. കുട്ടികൾ പറയുകയും തെറ്റില്ലാതെ നോട്ടിൽ രേഖപ്പെടുത്തു കയും ചെയ്യുന്നു.

**കാലയളവ്** : **June to March**

**ചുമതല** : **Teacher, Students, Parents**

# പ്രവർത്തനത്തിന്റെ പേര് : കഥയെഴുതാം

## ലക്ഷ്യങ്ങൾ

- ഡിജിറ്റൽ സാധ്യത ഉപയോഗിച്ച് കഥ കേൾക്കാനും കാണാനുമുള്ള അവസരം നൽകുന്നു.
- കഥയിലെ ഇഷ്ടപ്പെട്ട വാക്യങ്ങൾ പറയുകയും എഴുതുകയും ചെയ്യുന്നു
- കഥയിലെ കഥാപാത്രങ്ങളുടെ ചിത്രം വരയ്ക്കുന്നു.

## പഠനട്ടേങ്ങൾ

- കഥ എഴുതുന്നതിന് കഴിയുന്നു.
- ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ കഴിയുന്നു.
- പദങ്ങളും വാക്യങ്ങളും തെറ്റു കൂടാതെ എഴുതാൻ സാധിക്കുന്നു.

## പ്രവർത്തനക്രമം

ടീച്ചർ കഥയുടെ ചിത്രങ്ങൾ അടങ്ങിയ ഭാഗങ്ങൾ ക്രമപ്പെടുത്താൻ ഗ്രൂപ്പിൽ നൽകുന്നു കുട്ടികൾ ക്രമപ്പെടുത്തിയ ശേഷം അവരവരുടെ ആശയം ഉപയോഗിച്ച് കഥ എഴുതാൻ പറയുന്നു. സ്വയം എഴുതിയ കഥ എല്ലാവരും ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. ചർച്ചകൾക്ക് ശേഷം എഴുതി ക്ലാസിൽ അവതരിപ്പിക്കുന്നു. മറ്റ് ഗ്രൂപ്പുകൾ വിലയിരുത്തുന്നു.

**കാലയളവ്** : **June to March**

**ചുമതല** : **Teacher, Students, Parents**

# പ്രവർത്തനം : രചന പരിചയക്കുറിപ്പ്

## ലക്ഷ്യങ്ങൾ

കുട്ടികൾ കഥകൾ വായിച്ച് അതിനെ ചുരുക്കി എഴുതുന്നു.

## പഠനേട്ടങ്ങൾ

ലൈബ്രറി പുസ്തകങ്ങൾ വായിച്ച് അതിനെ അതിന്റെ എല്ലാ ഗുണങ്ങളോടും കൂടി ചുരുക്കി എഴുതി അവതിരിപ്പിക്കുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

കുട്ടികൾക്ക് ഓരോ കഥാ പുസ്തകങ്ങൾ കൊടുക്കുന്നു. അവർ അത് വായിക്കുകയും വിവിധ രീതിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.

**കാലയളവ്** : **June to March**

**ചുമതല** : **Teacher, Students, Parents**

# പ്രവർത്തനം : സർഗ്ഗാത്മക ഡയറി

## ലക്ഷ്യങ്ങൾ

കുട്ടികൾ അവരവരുടെ രീതിയില സർഗ്ഗാത്മക ഡയറി എഴുതുന്നതിന്

## പഠനേട്ടങ്ങൾ

- സാങ്കല്പിക അനുഭവങ്ങൾ സർഗ്ഗാത്മക ഡയറിയായി എഴുതുന്നു.
- യാത്രാനുഭവങ്ങൾ, ചിത്രം, കവിത, സംഭാഷണം തുടങ്ങിയ വ്യവഹാര രൂപങ്ങളിൽ എഴുതുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് ടീച്ചർ കുട്ടികളോട് അതിന്റെ പ്രാധാന്യത്തെക്കുറിച്ച് പറയുന്നു. തുടർന്ന് പരിസ്ഥിതി ദിനത്തിൽ സ്കൂളിൽ നട്ട ഒരു ചെടി അവരോട് അന്നത്തെ ദിവസത്തെക്കുറിച്ച് പറയുന്നതായി കുട്ടികൾ അവരുടെ ഇഷ്ടാനുസരണം ഒരു ഡയറിയായി എഴുതാൻ പറയുന്നു.

**കാലയളവ്** : **June to March**

**ചുമതല** : **Teacher, Students, Parents**

# പ്രവർത്തനത്തിന്റെ പേര് : നാടിനെ, പരിസ്ഥിതിയെ അറിയാം

## ലക്ഷ്യങ്ങൾ

- പ്രകൃതി സംരക്ഷിക്കുന്നതിന് തയാറാക്കുക.
- ഫീൽഡ് ട്രിപ്പ് നടത്തുക
- പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകത മനസിലാക്കുക.

## പഠനനേട്ടങ്ങൾ

- പ്രകൃതി സംരക്ഷിക്കുന്നു.
- ഫീൽഡ് ട്രിപ്പ് നടത്തി നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു.

## പ്രവർത്തനങ്ങൾ

പാഠഭാഗത്തിലെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ടീച്ചറും കുട്ടികളും ചേർന്ന് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. അതിൽ ശേഖരിച്ച് വിവരങ്ങളെ ഉൾപ്പെടുത്തി ചർച്ച ചെയ്ത് കുറിപ്പ് തയാറാക്കുന്നു. അതിനെ പതിപ്പാക്കി പ്രദർശിപ്പിക്കുന്നു.

**കാലയളവ്** : **June to March**

**ചുമതല** : **Teacher, Students, Parents**

# പ്രവർത്തനത്തിന്റെ പേര്: പരീക്ഷണ നിരീക്ഷണങ്ങൾ

## ലക്ഷ്യങ്ങൾ

- ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക, ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
- ശാസ്ത്രകൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിന് പഠനനേട്ട ങ്ങൾ
- പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.
- ശാസ്ത്ര ബോധം വളരുന്നു.

## പ്രവർത്തനങ്ങൾ

ടീച്ചർ പാഠഭാഗമായി ബന്ധമുള്ളതും അല്ലാത്തതുമായ പരീക്ഷണങ്ങൾ ചെയ്യുന്ന തിലേയ്ക്കായി സാധന സാമഗ്രികൾ ശേഖരിച്ച് പ്രദർശിപ്പിക്കുന്നു. അതിൽ നിന്നും കുട്ടി സാമഗ്രികൾ എടുത്ത് പരീക്ഷണങ്ങൾ ചെയ്യുന്നു. കുറിപ്പ് തയാറാക്കുന്നതിന് ടീച്ചർ സഹായിക്കുന്നു.

**കാലയളവ്** : **June to March**

**ചുമതല** : **Teacher, Students, Parents**

# പ്രവർത്തനത്തിന്റെ പേര് : ക്രിയാശേഷികൾ നേടൽ

## ലക്ഷ്യങ്ങൾ

- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.

## പഠനനേട്ടങ്ങൾ

- നിത്യജീവിതത്തിൽ ഗണിതത്തിന്റെ സ്ഥാനം മനസിലാക്കുന്നു.
- ചതുഷ്ക്രിയകൾ മനസിലാക്കുന്നു.

## പഠന പ്രവർത്തനങ്ങൾ

നിങ്ങൾ സാധനങ്ങൾ വാങ്ങാൻ പോയിട്ടുണ്ടോ? എന്തെല്ലാം സാധനങ്ങൾ വാങ്ങിയിട്ടുണ്ട്? ഈ രീതിയിലുള്ള ചോദ്യങ്ങൾ ചോദിച്ച് ചർച്ച ചെയ്യുന്നു. തുടർന്ന് വാങ്ങിയ സാധനങ്ങളുടെ വില നൽകി ക്രിയ ചെയ്യാൻ ആവശ്യപ്പെടുന്നു. ടീച്ചർ വിലയിരുത്തുന്നു. ഇതുപോലുള്ള ഗണിത ക്രിയകൾ നൽകുന്നു.

**കാലയളവ്** : **June to March**

**ചുമതല** : **Teacher, Students, Parents**

# <u>പ്രവർത്തനത്തിന്റെ പേര് : പദസൂര്യൻ പൂർത്തിയാക്കൂ</u>

## <u>ലക്ഷ്യങ്ങൾ</u>

- ഗണിത ചിന്ത, യുക്തിചിന്ത, വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക
- ഗണിത കേളികളിൽ ഏർപ്പെടുന്നതിന്

## <u>പഠനനേട്ടങ്ങൾ</u>


- ഗണിത ചിന്തവളരുന്നു
- വിശകലന ശേഷി ലഭിക്കുന്നു.
- സംഖ്യകൾ വ്യാഖ്യാനിക്കുന്നു.


## <u>പ്രവർത്തന ക്രമം</u>

ഒരക്ക സംഖ്യകൾ എഴുതിയ സംഖ്യാകാർഡുകൾ കുട്ടികൾക്ക് നൽകുന്നു. ഏതൊക്കെ, രീതിയിൽ ഇവയെ പിരിച്ച് പറയാം എന്ന് ചോദിക്കുന്നു.

Eg:- 5 ⟶ 2+3, 1+4, 5+0, 2+2+1,……….

തുടർന്ന് ടീച്ചർ രണ്ടക്കംഖ്യകളെ വ്യാഖ്യാനിക്കാൻ നൽകുന്നു.




ഈ രീതിയിൽ മറ്റ് സംഖ്യകളെ വ്യാഖ്യാനിച്ചെഴുതുന്നു.

**കാലയളവ്** : **June to March**
**ചുമതല** : **Teacher, Students, Parents**

# Name of activity : Along with English

## Aim

- To make the children good at English speaking and writing
- To make simple sentences
- Read the Passage
- Write missing words

## Steps of activity

Teacher told some things and wanted to draw the picture she told. Teacher take some instructions. You draw a house, in front of the house you draw a dog, hens, animals as you like. Then write some simple sentence about this picture

**Time** : **June to March**

**Responsibility** : **Teachers, Students, Parents**

# Name of Activity : Read and Rejoice

## Aim

The learner reads and rejoys stories independently.

- Read the story easily
- The story narrated by the children
- They write the story in their own words

## Steps of activity

Teacher showed a picture chart and asks some questions based on the picture. Teacher write the sentences as the students told. Then the children develop a story with the help of the Teacher.

**Time** : **June to March**

**Responsibility** : **Teachers, Students, Parents**

# ക്ലാസ് – IV

# പ്രധാന പ്രവർത്തന ലക്ഷ്യങ്ങൾ

- നാലാം ക്ലാസിലെ എല്ലാ കുട്ടികളും തങ്ങളുടെ അനുഭവങ്ങളെയും കണ്ട കാഴ്ചകളെയും സർഗ്ഗാത്മകമായി / വ്യത്യസ്ത വ്യവഹാര രൂപത്തിൽ അവതരിപ്പിക്കാൻ പ്രാപ്തിനേടുന്നു.
- എല്ലാ കുട്ടികളും പാഠ പുസ്തകത്തിലെ കവിതയുടെ ഈണം കണ്ടെത്തി താളം തിരിച്ചറിഞ്ഞ് പുതിയവരികൾ കൂട്ടിച്ചേർത്ത് കവിതകൾ വിപുലപ്പെടുത്തുന്നതിനും കഴിവുണ്ടാകുന്നു.
- എല്ലാ കുട്ടികളും കവിതകൾ, പാട്ടുകൾ എന്നിവയുടെ ആശയം തിരിച്ചറിഞ്ഞ് അവയെ വ്യത്യസ്ത രൂപങ്ങളിൽ ആവിഷ്കരിക്കാനുള്ള പ്രാപ്തി നേടുന്നു.

## E V S

- ശാസ്ത്ര താല്പര്യം വളർത്താൻ പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടുകയും പരീക്ഷണ കുറിപ്പുകൾ തയാറാക്കുകയും ചെയ്യുന്നു.
- ബുദ്ധി വികാസത്തിന്റെ ഭാഗമായി പലതരം പദപ്രശ്നങ്ങളിൽ ഏർപ്പെടുന്നതിന്

## Maths

- ചതുഷ്ക്രിയകൾ മനസിലാക്കാൻ
- ശേഖരണ മനോഭാവം വളർത്താൻ
- കളികളിലൂടെ ഗണിതബോധം ഉണ്ടാക്കൽ
- പാറ്റേൺ മനസിലാക്കാൻ

## English

- To make simple sentences
- Read the passage
- Writing missing words
- Write simple conversations
- Role play
- Write simple stories
- Add more lines

# പ്രവർത്തനത്തിന്റെ പേര് : ഭാവാത്മകമായി കവിത ചെല്ലാൻ

## ലക്ഷ്യങ്ങൾ

എല്ലാ കുട്ടികളും പങ്കപേുസ്തകത്തിലെ കവിതകൾ സവിഷേഷത തിരിച്ചറിഞ്ഞ് താളാത്മകമായി അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുക

## പഠനനേട്ടങ്ങൾ

- കവിതകൾ ചൊല്ലി ആസ്വദിക്കുന്നു
- ആശയം, പുതിയ പദങ്ങൾ, പ്രയോഗങ്ങൾ എന്നിവ മനസ്സിലാക്കി കവിത ചൊല്ലി രസിക്കുന്നു.
- താളബോധത്തോടെ കവിത അവതരിപ്പിക്കുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

കുട്ടികൾ അവർക്ക് അിറയാവുന്ന കവിതകൾ താളബോധത്തോടെ കൈകൾ കൊട്ടി ആശയം, പുതിയ പദങ്ങൾ എന്നിവ ഉൾക്കൊണ്ട് പാടുന്നു. കുട്ടികളുടെ അവതര ണത്തിനു ശേഷം ടീച്ചർ ആവശ്യമായ പിന്തുണ നൽകി ഒന്നുകൂടെ അവതരിപ്പിക്കുന്നു.

**കാലയളവ്** : **ജൂൺ മുതൽ മാർച്ച് വരെ**

**ചുമതല** : **ടീച്ചർ, രക്ഷകർത്താവ്**

# പ്രവർത്തനം : അനുഭവക്കുറിപ്പ്

## ലക്ഷ്യങ്ങൾ

നാലാം ക്ലാസിലെ എല്ലാ കുട്ടികളും ഞങ്ങളുടെ അനുഭവങ്ങളും കണ്ടകാഴ്ചകളും വ്യത്യസ്ത വ്യവഹാര രൂപങ്ങളിൽ അവതരിപ്പിക്കാൻ പ്രാപ്തി നേടുന്നു.

## പഠനനേട്ടങ്ങൾ

- അനുഭവക്കുറിപ്പ് തയ്യാറാക്കുന്നു
- ആശയങ്ങളെ വിവിധ വ്യവഹാര രൂപങ്ങളിൽ അവതരിപ്പിക്കുന്നു

## പ്രവർത്തന ഘട്ടങ്ങൾ

കുട്ടി രാവിലെ വിദ്യാലയത്തിൽ വരുമ്പോൾ കാണുന്ന അനുഭവങ്ങളും കാഴിച കളും ഉൾപ്പെടുത്തി ചർച്ച നടത്തുന്നു. കുട്ടികൾ ചർച്ചയിലൂടെ ലഭിച്ച കാര്യങ്ങൾ കഥ, സംഭാഷണം, കവിത, വിവരണം, ചിത്രംവര ഇവയിൽ ഏതെങ്കിലും ഒരു വ്യവഹാര രൂപ ത്തിലൂടെ രേഖപ്പെടുത്താൻ അവസരം നൽകുന്നു.

**കാലയളവ്** : **ജൂൺ മുതൽ മാർച്ച് വരെ**

**ചുമതല** : **ടീച്ചർ, രക്ഷകർത്താവ്**

# പ്രവർത്തനം : വരികൾ കൂട്ടിച്ചേർക്കാം

## ലക്ഷ്യങ്ങൾ

- പുതിയ കവിതകൾ, വായ്ത്താരികൾ, ഇവ കണ്ടെത്തി ഈണം, താളം ഇ വ തിരി ച്ചറിഞ്ഞ് വരികൾ കൂട്ടിച്ചേർക്കുന്നതിനുള്ള കഴിവു നേടുക
- കവിതകൾ വ്യത്യസ്ത വ്യവഹാരം രൂപങ്ങളിൽ ആവിഷ്കരിക്കുന്നതിനുള്ള പ്രാപ്തി നേടുക

## പഠനനേട്ടങ്ങൾ

- വായ്ത്താരികളും കവിതകളും ശേഖരിച്ച് ഈണത്തിൽ അവതരിപ്പിക്കുന്നു
- കവിതകൾ കൂട്ടിച്ചേർത്ത് അതിന് താളം കണ്ടെത്തുന്നു

## പ്രവർത്തന ഘട്ടങ്ങൾ

ടീച്ചർ വായ്ത്താരികളും കവിതകളും അവതരിപ്പിക്കുന്നു. ഈ ഈണത്തിൽ വരുന്ന കവിത കണ്ടെത്താൻ ആവശ്യപ്പെടുന്നു. ഈ ഭാഗം ഗ്രൂപ്പുകളാക്കി അവതരിപ്പി ക്കാൻ പറയുന്നു. മറ്റു ഗ്രൂപ്പുകൾ വിലയിരുത്തുന്നു.

**കാലയളവ്** : **ജൂൺ മുതൽ മാർച്ച് വരെ**

**ചുമതല** : **ടീച്ചർ, രക്ഷകർത്താവ്**

# പ്രവർത്തനം : സർഗ്ഗാത്മക ഡയറി

## ലക്ഷ്യങ്ങൾ

കുട്ടികൾ സ്വതന്ത്രമായി സർഗ്ഗാത്മക ഡയറി എഴുതുന്നതിന്

## പഠനനേട്ടങ്ങൾ

- സാങ്കല്പിക യാത്രാനുഭവങ്ങൾ സർഗ്ഗാത്മക ഡയറിയായി എവുതുന്നു
- യാത്രാനുഭവങ്ങൾ ചിത്രം, കവിത, സംഭാഷണം തുടങ്ങിയ വ്യവഹാര രൂപങ്ങളിൽ എഴുതുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

ചന്ദ്രൻ ഭൂമിയിലെത്തിയാൽ സംഭവിക്കാവുന്ന കാര്യങ്ങൾ ടീച്ചർ പറയുന്നു. കൂടുതൽ കാര്യങ്ങൾ കുട്ടികൾ കൂട്ടിച്ചേർക്കുന്നു. അതിനെ അവരുടെ ഇഷ്ടാനുസരണം ഡയറിയായി എഴുതാൻ പറയുന്നു.

**കാലയളവ് : ജൂൺ മുതൽ മാർച്ച് വരെ**

**ചുമതല : ടീച്ചർ, രക്ഷകർത്താവ്**

# <u>പ്രവർത്തനം : രചന പരിചയക്കുറിപ്പ്</u>

## ലക്ഷ്യങ്ങൾ

കുട്ടികൾ കഥകൾ സ്ഫുടതയും ഒഴുക്കുമുള്ള ശൈലിയിൽ വായിച്ച ശേഷം അതിനെ ചുരുക്കി എഴുതുന്നു.

## പഠനനേട്ടങ്ങൾ

- ലൈബ്രറി പുസ്തകങ്ങൾ വായിച്ച് ഭാവാത്മകമായി എഴുതി അവതരിപ്പിക്കുന്നു.
- ചിത്രം വരയ്ക്കുന്നതിനുള്ള ശേഷി നേടുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

കുട്ടികൾക്ക് ഓരോ കഥാപുസ്തകങ്ങൾ നൽകുന്നു. അതിനെ വായിച്ച് വിവിധ രീതിയിൽ രസകരമായി അവതരിപ്പിക്കാൻ അവസരം നൽകുന്നു.

**കാലയളവ്** : **ജൂൺ മുതൽ മാർച്ച് വരെ**

**ചുമതല** : **ടീച്ചർ, രക്ഷകർത്താവ്**

## പ്രവർത്തനം : ശാസ്ത്ര കൗതുകം

### ലക്ഷ്യങ്ങൾ

ശാസ്ത്ര താല്പര്യം വളർത്താൻ പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടുത്തുകയും പരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യൽ

### പഠനനേട്ടങ്ങൾ

- നിരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കുന്നതിലൂടെ ഭാഷാശേഷി വർദ്ധിപ്പിക്കുന്നു.
- പരീക്ഷണ ചിത്രം വരയ്ക്കുന്നതിലൂടെ കുട്ടിക്ക് സർഗ്ഗാത്മക ശേഷി വർദ്ധിപ്പിക്കുന്നു.
- ശേഖരണ താല്പര്യം ഉണ്ടാക്കുന്നു.
- കൃത്യമായ നിഗമനത്തിലെത്താൻ സാധിക്കുന്നു.
- ശാസ്ത്രബോധം വളരുന്നു.

### പ്രവർത്തനക്രമം

- ജലചക്രം, കുപ്പിയെ ഉയർത്താമോ? പെയ്യട്ടെ മഴ പെയ്യട്ടെ, വായുവിന്റെ സാനിധ്യം തുടങ്ങിയ പരീക്ഷണങ്ങൾക്ക് ആവശ്യമായ സാമഗ്രികൾ ശേഖരിക്കുന്നു.
- രക്ഷിതാക്കളെ ഉൾപ്പെടുത്തി ശില്പശാല സംഘടിപ്പിക്കുന്നു.
- പരീക്ഷണ സാമഗ്രികൾ രക്ഷിതാക്കളുടെ സഹായത്തോടെ സംഘടിപ്പിക്കുന്നു.
- കുട്ടികൾ സാമഗ്രികൾ തിരഞ്ഞെടുത്ത് പരീക്ഷണത്തിലേർപ്പെടുത്തുന്നു.

**കാലയളവ്** : **ജൂൺ മുതൽ മാർച്ച് വരെ**

**ചുമതല** : **ടീച്ചർ, രക്ഷകർത്താവ്**

# പ്രവർത്തനത്തിന്റെ പേര്: നാടിനെ, പരിസ്ഥിതിയെ അറിയാം

## ലക്ഷ്യങ്ങൾ

- പ്രകൃതി സംരക്ഷിക്കുന്നവതിന് തയ്യാറാക്കുക
- ഫീൽഡ് ട്രിപ്പ് നടത്തുക
- പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യക മനസ്സിലാക്കുക

## പഠനനേട്ടങ്ങൾ

- പ്രകൃതി സംരക്ഷിക്കുന്നു
- ഫീൽഡ് ട്രിപ്പ് നടത്തി നിരീക്ഷണക്കുറിപ്പ്

## പ്രവർത്തനങ്ങൾ

പാഠഭാഗത്തിലെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ടീച്ചറും കുട്ടികളും ചേർന്ന് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. അതിൽ ശേഖരിച്ച വിവരങ്ങളെ ഉൾപ്പെടുത്തി ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കുന്നു. അതിനെ പതിപ്പാക്കി പ്രദർശിപ്പിക്കുന്നു.

**കാലയളവ്** : **ജൂൺ മുതൽ മാർച്ച് വരെ**

**ചുമതല** : **ടീച്ചർ, രക്ഷകർത്താവ്, വിദ്യാർത്ഥികൾ**

# പ്രവർത്തനത്തിന്റെ പേര് : പദപ്രശ്നം

## ലക്ഷ്യങ്ങൾ

വിജ്ഞാന മേഖലയിലൂടെ പുതിയ പദം, ആശയം ഇവ വളരാൻ സാധിക്കുന്നു.

## പഠനനേട്ടങ്ങൾ

- അന്വേഷണത്വര ഉണ്ടാക്കുന്നു
- പ്രശ്നങ്ങൾ ഏറ്റെടുക്കുന്നു
- വിജ്ഞാന മേഖല വളരുന്നു

## പ്രവർത്തന ഘട്ടങ്ങൾ

ബാലരമ, കളിക്കുടുക്ക തുടങ്ങിയ കഥാപുസ്തകങ്ങളിലെ പദപ്രശ്നം പ്രദർശിപ്പിക്കുന്നു. തുടർന്ന് പാഠഭാഗവുമായി ബന്ധപ്പെട്ട് പദപ്രശ്നങ്ങൾ കണ്ടെത്തി എഴുതുകയും പുതിയത് നിർമിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു.

**കാലയളവ്** : **ജൂൺ മുതൽ മാർച്ച് വരെ**

**ചുമതല** : **ടീച്ചർ, രക്ഷകർത്താവ്**

# പ്രവർത്തനത്തിന്റെ പേര് : ഗണിതകേളി

## ലക്ഷ്യങ്ങൾ

- ചതുഷ്ക്രിയകൾ മനസ്സിലാക്കാൻ
- ശേഖരണമനോഭാവം വളരാൻ
- കളികളിലൂടെ ഗണിതബോധമുണ്ടാക്കുക
- പാറ്റേൺ മനസ്സിലാക്കുക
- വൃത്തം, ചതുരം, ത്രികോണം, സമചതുരം ഇവ മനസ്സിലാക്കുക (പ്രത്യേകതകൾ)

## പഠനനേട്ടങ്ങൾ

- നാലക്കസംഖ്യകൾ എഴുതുകയും വായിക്കുകയും താരതമ്യം ചെയ്യുകയും ചെയ്യുന്നു.
- സംഖ്യകൾ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു
- പ്രായോഗിക പ്രശ്നങ്ങൾ മനസ്സിലാക്കുക
- സ്ഥാനവില മനസിലാക്കുന്നു
- ചതുരം, സമചതുരം, വൃത്തം, ത്രികോണം ഇവ മനസിലാക്കുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

സംഖ്യാകാർഡുകൾ, സംഖ്യാചങ്ങല (ചാർട്ടിൽ വരയ്ക്കുന്നു. ), ഈർക്കിൽ കെട്ടുകൾ ഗെയിം ബോർഡ് ഇവ ശേഖരിക്കുന്നു. തുടർന്ന് ടീച്ചറിന്റെ നിർദ്ദേശാനുസരണം കളികളിൽ ഏർപ്പെടുന്നു. ഈ ഗെയിമിലൂടെ നാലക്ക സങ്കലനം, വ്യവകലനം, ഇവ മനസിലാക്കുന്നു. ഗണിതക്കിറ്റിലേക്കുള്ള ശേഖരണവും ഇതിലൂടെ നടക്കുന്നു.

**കാലയളവ്** : **ജൂൺ മുതൽ മാർച്ച് വരെ**

**ചുമതല** : **ടീച്ചർ, രക്ഷകർത്താവ്, വിദ്യാർത്ഥികൾ**

# Name of Activity : Along with English

## Aim

- To make the students good at English speaking and writing
- To make simple sentences
- Read the passage
- Writes missing words
- Write simple conversations
- Rople play
- Write simple stories
- Add more lines

## Steps of activity

Teacher draw picture of a tree. Then pupil draw some pictures of flower, plant, pond, fish, lotus, crab, tortoise, birds ……. And say the thing draw and spelling of the words vocabulary developing teacher used method of word web of animals, birds.

| | | |
|---|---|---|
| **Role Play** | **:** | **My home, Class, Hospital, Markets** |
| **Time** | **:** | **June to March** |
| **Responsibility** | **:** | **Teachers, students, parents** |

# അക്കാദമിക്

# മാസ്റ്റർ പ്ലാൻ എഴുതാൻ

# സഹായിച്ച എല്ലാ

# വർക്കും നന്ദി